**വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ക്ലിപ്തം നമ്പർ എഫ് 1264**
**ഹെഡ്ഡാഫീസ്. വി.ഒ.റോഡ്, വടകര 673 101**

# പ്രതിമാസ നിക്ഷേപ പദ്ധതി

## ബൈലോ 15 (എ)
## ഉപനിബന്ധനകൾ

1 വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിലെ എ, ഡി ക്ലാസ് അംഗങ്ങൾക്ക് മാത്രമേ ഈ പദ്ധതിയിൽ ചേരുവാൻ_അർഹതയുള്ളൂ.

2 പദ്ധതിയിൽ ചേരുന്ന അംഗങ്ങൾ പദ്ധതിയിൽ തുടർച്ചയായി മാസംതോറും നിശ്ചിത സംഖ്യ നിശ്ചിത കാലയളവുവരെ നിക്ഷേപിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ നിക്ഷേപസംഖ്യ മുടക്ക് കൂടാതെ മാസം തോറും അടച്ചു സ്കീം വട്ടമെത്തിക്കേണ്ടതാകുന്നു. മുടക്കമില്ലാതെ സ്കീം വട്ടമെത്തി 30 ദിവസത്തിനുശേഷം, ബേങ്കിന്റെ കമ്മീഷൻ കഴിച്ചു ബാക്കി തുക നിക്ഷേപകന് നൽകുന്നതായിരിക്കും.

3 ഈ നിക്ഷേപത്തിന്മേൽ കാലാവധിക്കു ശേഷം യാതൊരു പലിശയും അനുവദിക്കുന്നതല്ല.

4 ഈ പദ്ധതിയിൽ ചേരുന്ന അംഗത്തിന് നിക്ഷേപ കാലാവധിക്ക് അവർ അടച്ചു തീർക്കാൻ വ്യവസ്ഥ ചെയ്യുന്ന മുതൽ സംഖ്യയുടെ 25% വരെ ബോണസ് സംഖ്യയും, 5% ബേങ്ക് കമ്മീഷനും കഴിച്ച് (ആകേ പരമാവുധി 30 % ) ബാക്കി തുക മുൻകൂറായി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ബേങ്ക് കമ്മീഷൻ കഴിച്ച് ബാക്കി ബോണസ് സംഖ്യ അതത് ക്ലാസിലെ അംഗങ്ങൾക്ക് തുല്യമായി വീതിക്കുന്നതാണ്. ഒരു ഗ്രൂപ്പ് ആരംഭിച്ചു ഒരു ഗഡു സംഖ്യ അടച്ചു തീർത്തശേഷം അടുത്ത മാസം മുതൽ ആ ഗ്രൂപ്പിൽ നിന്നും ഒരു മാസത്തിൽ ഒരു അംഗത്തിന് എന്ന നിലയിൽ മുൻകൂർ അനുവദിക്കുന്നതാണ്. ഒരു മാസം ഒന്നിലധികം പേർ ഇങ്ങിനെ ആവശ്യക്കാരായുണ്ടെങ്കിൽ അവരിൽ നിന്നും ഒരാളെ നറുക്കിട്ടെടുക്കുന്നതും അവർക്ക് തുക ആവശ്യമായ സെക്യൂരിറ്റി ഹാജരാക്കുന്ന മുറക്ക് നൽകുന്നതാണ്. ഓരോ മാസവും മുൻകൂർ ആവശ്യമുള്ള അംഗങ്ങൾ കുറവു വരുത്താവുന്ന സംഖ്യ അതത് മാസമോ, ഒരു വർഷത്തേക്ക് മുൻകൂറായോ (പ്രോക്സി) ബേങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അതത് മാസത്തെ ഗഡു സംഖ്യ പൂർണ്ണമായി അടക്കാത്ത അംഗത്തിന്റെ അപേക്ഷ നറുക്കെടുപ്പിൽ പരിഗണിക്കുന്നതല്ല.

5 മുൻകൂർ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി ലഭിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും തുല്യമായി ബോണസായി നൽകുന്നതായിരിക്കും. ഇങ്ങിനെ ഓരോ അംഗത്തിനും ലഭിക്കുന്ന ബോണസ് വിഹിതം കഴിച്ച് ബാക്കി സംഖ്യ മാത്രം അടുത്ത നിക്ഷേപ തവണയായി അടച്ചാൽ മതിയാവുന്നതാണ്.

6 മേൽ പറഞ്ഞ വിധംമുൻകൂർ സംഖ്യ വാങ്ങുന്നയാൾ ബേങ്കിന് ബോധ്യപ്പെട്ട സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ് സ്കൂൾ ഉദ്യോഗസ്ഥന്മാരുടെ ജാമ്യമോ, വസതു ജാമ്യമോ നൽകേണ്ടതാണ്. എന്നാൽ അംഗീകൃത ബേങ്കുകളിലെ സ്ഥിരനിക്ഷേപ ത്തിന്റെയോ മറ്റു ഗവൺമെന്റ് സെക്യൂരിറ്റികളുടെയോ ഈടിന്മേലും സംഖ്യഅനുവദി ക്കുന്നതാണ്. മുൻകൂർ അനുവദിക്കുന്ന തുകക്ക് തുല്യമായ സ്വർണ്ണാഭരണങ്ങൾ ഹാജരാക്കുന്നവർക്കും വായ്പാ തുക അനുവദിക്കാൻ ബേങ്ക് മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കും

7 ബേങ്കിന് ബോധ്യമാകുന്ന ജാമ്യം നൽകാൻ മുൻകൂർ സംഖ്യ വാങ്ങുന്ന മെമ്പർമാർ ബാധ്യസ്ഥനാണ്. മുൻകൂർ സംഖ്യയും , പലിശയം മറ്റു ചിലവുകളും മെമ്പർമാരിൽ നിന്നും ജാമ്യക്കാരിൽ നിന്നും ഒറ്റയായോ കൂട്ടായോ വസൂലാക്കാനുള്ള അധികാരം ബേങ്കിനുണ്ടായിരിക്കും. മറ്റു ജാമ്യക്കടങ്ങൾക്കും വസ്തുപണയക്കടങ്ങൾക്കുമുള്ള എല്ലാ പ്രസക്ത നിബന്ധനകളും ഈ കടത്തിനും ബാധകമാണ്.

8 ഈ സ്കീമിലെ വായ്പകൾക്ക് ഓഹരി അനുപാതം ബാധകമല്ല.

9 ഈ പദ്ധതിയിൽ നിന്നും മുൻകൂർ വാങ്ങിയിട്ടുള്ള അംഗം നിശ്ചിത സമയത്തിനകം ഗഡുസംഖ്യ അടക്കാതിരുന്നാൽ 12 % പലിശയോടെ അടക്കാൻ ബാധ്യസ്ഥനാണ്. ഇങ്ങിനെ അടക്കാത്ത അംഗത്തിന് ബോണസ് സംഖ്യക്കുള്ള അർഹത നഷ്ടപ്പെടുന്നതും ഗഡുസംഖ്യ പൂർണ്ണമായും 12 % പലിശയോടെ അടക്കുവാൻ

ബാധ്യസ്ഥനാവുന്നതുമാണ്.

10 മുൻകൂർ വാങ്ങിക്കാത്ത അംഗം ഗഡുസംഖ്യ അടക്കാൻ വീഴ്ച വരുത്തിയാൽ 3 മാസംവരെ ബോണസ് സംഖ്യക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ അവധി തെറ്റിയ ഗഡുസംഖ്യക്ക് 12 % പലിശ നൽകാൻ ഇവർ ബാധ്യസ്ഥരാണ്.

11 മുൻകൂർ വാങ്ങിക്കാത്ത അംഗത്തിന് ഈ പദ്ധതിയിലെ നിക്ഷേപസംഖ്യയുടെ ഈടിന്മേൽ, അടച്ച സംഖ്യയുടെ നിശ്ചിത ശതമാനം സംഖ്യ അതത് കാലത്തേക്ക് ബാങ്ക് നിശ്ചയിക്കുന്ന പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതാണ് ഇങ്ങിനെ വാങ്ങിയിട്ടുള്ള വായ്പ നിക്ഷേപകന്റെ നിക്ഷേപ നമ്പറിൽ . ക്രമാനുസൃതം മുടക്ക് കൂടാതെ നിക്ഷേപിച്ചിരിക്കേണ്ടതും അപ്രകാരം തവണകൾ മുഴുമിപ്പിക്കേണ്ടതുമാണ്.

12 ഓരോ സ്കീമും വട്ടമെത്തിയാൽ അതുപ്രകാരമള്ള നിക്ഷേപതുക ടിയാന്റെ വായ്പാ ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്തു വായ്പാ ഇടപാടു അവസാനിപ്പിക്കുന്നതാണ്. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്കം വരുത്തുകയും വായ്പാ ഇടപാട് അവസാനിപ്പിക്കുന്നതിന് ആവശ്യമായ സംഖ്യ ഇല്ലാതെ വരികയും ചെയ്യുന്നപക്ഷം അപ്രകാരമുള്ള സംഖ്യ, പലിശ, മറ്റു ചെലവുകൾ എന്നിവ ഈടാക്കുവാൻ ബേങ്കിന് അധികാരമുണ്ടായിരിക്കും.

13 പദ്ധതിയുടെ ഇടക്കെവെച്ചു വീഴ്ച വരുത്തുന്ന അംഗത്തിന് പകരമായി മറ്റൊരാളെ ചേർക്കുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

14 മൂന്നോ അതിൽ കൂടതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന മുൻകൂർ വാങ്ങിക്കാത്ത അംഗത്തിന് സ്കീമിൽ തുടരുന്നതിന് അർഹതഉണ്ടായിരിക്കുന്നതല്ല. ടിയാനെ സ്കീമിൽ നിന്ന് നീക്കം ചെയ്യുവാൻ ബേങ്കിന് അധികാരമുണ്ടാ യിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യപ്പെടുന്ന നിക്ഷേപകന് അടച്ച തുക ബേങ്ക് കമ്മീഷൻ 5 % തുക കഴിച്ച് ബാക്കി പദ്ധതി വട്ടമെത്തിയതിനുശേഷം തരിച്ചു വാങ്ങാവുന്നതാണ്.

15 ഓരോ സ്കീമിന്റെയും തവണ തിയ്യതി ബേങ്ക് തീരുമാനിക്കുന്നതും നിശ്ചയിച്ച തിയ്യതി അവധി ദിവസമായി വന്നാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത തവണ തീയ്യതിയായിരിക്കുന്നതുമാണ്.

16 പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചു ആവശ്യമെന്നു തോന്നുന്ന യുക്തമായ കൂടുതൽ നിശ്ചയങ്ങൾ കൂട്ടിച്ചേർക്കുന്നതിനും, ഈ നിശ്ചയങ്ങളിൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ ചെയ്യുന്നതിനും ബേങ്ക് ഭരണസമിതിക്ക് അധികാരമുണ്ടായിരി ക്കുന്നതുമാണ്. അപ്രകാരം നീക്കം ചെയ്യപപ്പെടുന്നതോ, കൂട്ടിച്ചേർക്കുന്നതോ ആയ എല്ലാ നിശ്ചയങ്ങളും സ്കീംിക്ഷേപകനും വായ്പാക്കാരനും ബാധകമായിരിക്കന്നതും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു